പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 3001

21/06/2013 ൽ
മറുപടിക്ക്

'ഓൺലൈൻ ലൈബ്രറികൾ'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 'ഓൺലൈൻ ലൈബ്രറികൾ' നിലവിലുണ്ടോ ; | (എ) | സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഇപ്പോൾ നിലവിലില്ല. |
| (ബി) | ഇല്ലായെങ്കിൽ 'ഓൺലൈൻ ലൈബ്രറികൾ' സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | ഡിജിറ്റൽ ലൈബ്രറിയുടെ ഭാഗമായി പകർപ്പവകാശ നിയമത്തിനു പുറത്തു വരുന്നതും ഗവേഷണ പ്രാധാന്യം ഉള്ളതുമായ ഗ്രന്ഥങ്ങൾ സ്കാൻ ചെയ്ത് വായനാ യോഗ്യമായ രീതിയിൽ ഡിജിറ്റലൈസ് ചെയ്ത് ഇന്റർനെറ്റ് വഴി റഫർ ചെയ്യാൻ കഴിയുംവിധം കേരള സാഹിത്യ അക്കാദമിയുടെ വെബ് പോർട്ടൽ വഴി ഒരു ഓൺലൈൻ ലൈബ്രറി സംവിധാനം ആരംഭിക്കുന്നതിന് സി.ഡിറ്റുമായി ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സൗകര്യം പ്രാവർത്തികമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ? | (സി) | സാങ്കതികമോ ഭരണപരമോ ആയ തടസ്സങ്ങൾ നിലനിൽക്കുന്നില്ല. പകർപ്പവകാശമുള്ള കൃതികൾ ഓൺലൈൻ ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ട്. സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ച് അപൂർവ്വ ആനുകാലികങ്ങൾ ഇപ്പോൾ തന്നെ ഇ-വേർഷൻ സൈറ്റിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ